പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.6300 03.04.2018 -ലെ മറുപടിക്ക്

## പാപ്പിനിശ്ശേരി തുരുത്തി കോളനിയിൽ സ്വയം പര്യാപ്ത ഗ്രാമം പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.എം.ഷാജി | | ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ട പാപ്പിനിശ്ശേരി തുരുത്തി കോളനിയുടെ നവീകരണ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടോ; ഏതെല്ലാം പ്രവൃത്തികൾ ഇനി അവശേഷിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | ഇല്ല.<br>അവശേഷിക്കുന്ന പ്രവൃത്തികൾ ഇവയാണ്.<br>1. Formation of footpath<br>2. Laying pipeline and providing ready made water tanks. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ റിവിഷൻ അംഗീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; ആയതിലേക്കുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | അംഗീകരിച്ചിട്ടുണ്ട് . ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (സി) | പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുന്നതിന് എന്നു വരെയാണ് സമയം നീട്ടി നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ; | (സി) | പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് മാർച്ച് 31 വരെ സമയം നീട്ടി നൽകിയിട്ടുണ്ട്. |
| (ഡി) | ഈ പദ്ധതിയിൽ ഉൾപ്പെട്ട ഏതെല്ലാം മണ്ഡലങ്ങളിലെ പ്രവൃത്തികൾക്ക് 2017-18-ൽ രണ്ടാമത്തെ റിവിഷൻ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ? | (ഡി) | ഈ പദ്ധതിയിലുൾപ്പെട്ട താഴെപ്പറയുന്ന മണ്ഡലങ്ങളിലെ കോളനികൾക്ക് 2017-18-ൽ രണ്ടാമത് റിവിഷൻ അനുവദിച്ചിട്ടുണ്ട്.<br>കല്യാശ്ശേരി - മൂലക്കിൽ കോളനി<br>അഴീക്കോട് - തുരുത്തി സെറ്റിൽമെന്റ് കോളനി |

സെക്ഷൻ ഓഫീസർ

## പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ നടപടി ഉത്തരവ്
**(നിലവിൽ പി.എം.അലി അസ്ഗർ പാഷ ഐ.എ.എസ്)**

വിഷയം :-പട്ടികജാതി വികസനം - സ്വയം പര്യാപ്ത ഗ്രാമം പദ്ധതി, കണ്ണൂർ ജില്ലയിലെ തുരുത്തി സെറ്റിൽമെന്റ് കോളനി - റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിച്ച് ഉത്തരവാകുന്നു.

സൂചന : 1. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 13.03.2017 ലെ 11213/13 (3) നമ്പർ ഉത്തരവ്.
2. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 29.06.2015 ലെ ഡെവ.ഡി1 - 26263/14 നമ്പർ ഉത്തരവ്.
3. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 30.09.2016 ലെ ഡെവ.ഡി1 - 26263/14 നമ്പർ ഉത്തരവ്.
4. കണ്ണൂർ ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ 23.09.2017 ലെ സി6 - 21472/13 നം. കത്ത്.

---

**ഉത്തരവ് നമ്പർ : - ഡെവ.ഡി1 - 26263/14** **തീയതി: 07.03.2018**

---

പട്ടികജാതി വികസന വകുപ്പിന്റെ സ്വയം പര്യാപ്ത ഗ്രാമം പദ്ധതി 2013-14 പ്രകാരം തെരെഞ്ഞെടുത്ത കണ്ണൂർ ജില്ലയിലെ തുരുത്തി സെറ്റിൽമെന്റ് കോളനിയ്ക്ക് ഒന്നും രണ്ടും മൂന്നും ഗഡുക്കളായി 90 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ കോളനിയ്ക്ക് കൂടുതൽ പര്യാപ്തമായ രീതിയിൽ പ്രവൃത്തികൾ ചെയ്യുന്നതിന് മോണിറ്ററിംഗ് കമ്മറ്റി തീരുമാന പ്രകാരം ഏജൻസിയായ സിഡ്കോ, കോഴിക്കോട് താഴെപറയും പ്രകാരം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ ശുപാർശയോടെ ലഭ്യമാക്കിയിട്ടുണ്ട്.

| ക്രമ നം. | അഗീകരിച്ച് നൽകിയ എസ്റ്റിമേറ്റ് | | റിവൈസ്ഡ് എസ്റ്റിമേറ്റ് തുക | |
|---|---|---|---|---|
| | പ്രവൃത്തിയുടെ പേര് | തുക | പ്രവൃത്തിയുടെ പേര് | തുക |
| 1 | Raising yard of houses | 5013548 | Raising yard of houses | 4455052 |
| 2 | Improvement works to thuruthi star company road | 1318688 | Improvement works to thuruthi star company road | 1318688 |
| 3 | Formating of foot path | 2341456 | Formating of foot path | 3465527 |
| 4 | Laying pipeline and providing readymade water tanks | 118002 | Laying pipeline and providing readymade water tanks | 104002 |
| 5 | Repair works of houses | 553357 | -- | cancelled |
| | | | Total | 9343269 |
| | Centage | 650000 | | 654029 |
| | Unforseen | 4949 | | 2702 |
| | Grand Total | 10000000 | Grand Total | 10000000 |

മേൽ സാഹചര്യത്തിൽ കണ്ണൂർ ജില്ലയിലെ തുരുത്തി സെറ്റിൽമെന്റ് കോളനിയിലേക്ക് ആവശ്യമായ മേൽപറയുന്ന വികസന പ്രവർത്തനങ്ങൾ ചെയ്യുന്നതിന് സിഡ്കോ, കോഴിക്കോട് എന്ന ഏജൻസി കണ്ണൂർ ജില്ലാ പട്ടികജാതി വികസന ഓഫീസർ മുഖേന സമർപ്പിച്ച ഒരു കോടി രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം നൽകികൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. മാർച്ച് 31 ന് മുൻപ് പദ്ധതി പൂർത്തിയാക്കി ഫൈനൽ ബിൽ സമർപ്പിക്കേണ്ടതാണ്.

(ഒപ്പ്)
ഡയറക്ടർ

മാനേജർ
സിഡ്കോ, കോഴിക്കോട്.

പകർപ്പ് : 1. ജില്ലാ പട്ടികജാതി വികസന ഓഫീസർ,
കണ്ണൂർ.
2. കരുതൽ/ഫയൽ

ഡയറക്ടർക്കുവേണ്ടി
ജോയിന്റ് ഡയറക്ടർ (വികസനം)

SU. 08.03.2018